**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1651** **11-10-2024 - ൽ മറുപടിയ്ക്ക്**

**തോട്ടവിളകളുടെ ഉല്പാദനത്തിലെ പ്രതിസന്ധി പരിഹരിക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ. പി. അനിൽ കുമാർ ,<br>ശ്രീ. സജീവ് ജോസഫ്,<br>ശ്രീ. സനീഷ്കുമാർ ജോസഫ്,<br>ശ്രീ. ചാണ്ടി ഉമ്മൻ | | ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | റബ്ബർ, തേയില തുടങ്ങിയ തോട്ടവിളകളുടെ ഉല്പാദനത്തിൽ ഇടിവ് സംഭവിക്കുന്നത് ഗൗരവത്തോടെ കാണുന്നുണ്ടോ; വ്യക്തമാക്കുമോ; | (എ) | തേയില, റബ്ബർ, കാപ്പി, ഏലം എന്നീ വിളകളുടെ ഉൽപ്പാദനത്തിൽ സാമ്പത്തിക സ്ഥിതി വിവര വകുപ്പിന്റെ രേഖകൾ പ്രകാരം കഴിഞ്ഞ മൂന്നു വർഷത്തെ കണക്കുകൾ പരിശോധിച്ചതിൽ 2020-21 മുതൽ 2022-23 വരെ താരതമ്യേന ഉൽപ്പാദനത്തിൽ വർദ്ധനവ് ഉണ്ടായതായിട്ടാണ് കാണുന്നത്. എന്നാൽ തേയിലയുടെ ഉൽപ്പാദനത്തിൽ 2021-22 വർഷം ഉൽപ്പാദനം കുറഞ്ഞെങ്കിലും 2022-23-ൽ ആയത് വർദ്ധിച്ചതായി കാണുന്നു.<br><br>റബ്ബർ, തേയില തുടങ്ങിയ തോട്ടവിളകളുടെ ഉൽപ്പാദനത്തിൽ ഉണ്ടായ ഏറ്റക്കുറച്ചിൽ സംബന്ധിച്ച് കഴിഞ്ഞ മൂന്നു വർഷത്തെ (Economic Review 2020-21, 2021-22, 2022-23 എന്നിവയിൽ നിന്നും ലഭിച്ച വിവരങ്ങൾ) കണക്കുകൾ ചുവടെ ചേർക്കുന്നു. |
| (ബി) | പ്രസ്തുത പ്രതിസന്ധിയെക്കുറിച്ച് പഠനം നടത്തിയിട്ടുണ്ടോ; എങ്കിൽ എന്തു പരിഹാരനടപടിയാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് അറിയിക്കുമോ; | (ബി) | കൃഷി വകുപ്പ് മുഖേന പഠനം നടത്തിയിട്ടില്ല. |

| വിള | ഉൽപ്പാദനം ടണ്ണിൽ | | |
|---|---|---|---|
| | 2020-21 | 2021-22 | 2022-23 |
| റബ്ബർ | 519500 | 556600 | 599375 |
| കാപ്പി | 68545 | 69900 | 72425 |
| തേയില | 66850 | 60360 | 65980 |
| ഏലം | 20570 | 21270 | 22165 |

| | | | |
|---|---|---|---|
| (സി) | വിളകളുടെ വൈവിധ്യവൽക്കരണം ഉൾപ്പെടെയുള്ള കാര്യങ്ങൾ പരിഗണിച്ച് പ്ലാന്റേഷൻ നയം ആവിഷ്കരിച്ചു നടപ്പാക്കുമോ; വിശദാംശം നൽകുമോ? | (സി) | പ്രസ്തുത വിഷയം കൃഷി വകുപ്പിന്റെ പരിധിയിൽ വരുന്നതല്ല. വ്യവസായ വാണിജ്യ വകുപ്പിന് കീഴിൽ പ്ലാന്റേഷൻ ഡയറക്ടറേറ്റ് രൂപീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ